# ക്ലാസ് 4

# പരിസരപഠനം



## സ്വാതന്ത്ര്യത്തിലേയ്ക്ക്




*Prepared by Balakrishnan.M GLPS Kayyur, Kasaragod*

## 1915 ജനുവരി ഒൻപതിലെ പ്രഭാതം

ബോംബെയിലെ അപ്പോളോ ബന്തർ തുറമുഖത്ത് പതിവിലേറെ ആളുകൾ. ഒരു വിദേശക്കപ്പലിന്റെ വരവും പ്രതീക്ഷിച്ചാണ് അവർ നിൽക്കുന്നത്. ആ കപ്പലിൽ ഒരു വിശിഷ്ട വ്യക്തി എത്തുന്നു. അദ്ദേഹത്തെ കാണാനും സ്വീകരിക്കാനും എത്തിയതാണ് അവർ. കപ്പൽ തീരത്തണഞ്ഞു. നീണ്ടുമെലിഞ്ഞ ഒരു മനുഷ്യൻ, നീളൻ കുപ്പായവും തലപ്പാവും അണിഞ്ഞിട്ടുണ്ട്. തികച്ചും സാധാരണ വേഷത്തിൽ അദ്ദേഹം കപ്പലിറങ്ങി വേഗം നടന്നുവരുന്നു...


ആരാണ് ആ മഹാൻ?

**ആരാണെന്ന് ആറിയാൻ ഈ വീഡിയോ കാണൂ.....**
**കാണാൻ ചിത്രത്തിൽ ക്ലിക്ക് ചെയ്യൂ.....**




**ഗാന്ധിജി**

ഈ വീഡിയോ കാണൂ....
കാണാൻ ഫോട്ടോയിൽ
ക്ലിക്ക് ചെയ്യൂ.....



ഗാന്ധിജിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൂ....

ഭാരതത്തിന്റെ രാഷ്ട്രപിതാവ്.1869 ഒക് 2 ന്
ഗുജറാത്തിലെ  പോർബന്തർ നഗരത്തിൽ
ജനിച്ചു. അച്ഛൻ-കരംചന്ദ് ഗാന്ധി, അമ്മ -
പുതി ബായി. 13-◌ാം വയസിൽ
കസ്തൂർബായിയെ വിവാഹം കഴിച്ചു. 1891 -
ൽ ബാരിസ്ഥർ പരീക്ഷ പാസായി. 1893 -ൽ
ദക്ഷിണം ഫ്രിക്കയിലെത്തി. അവിടത്തെ
ഇന്ത്യൻ വംശജരുടെ
പൗരാവകാശങ്ങൾക്കു വേണ്ടിയുള്ള
സമരങ്ങൾക്കു നേതൃത്വം കൊടുത്തു.

**1915 മുതൽ ഗാന്ധിജി ഇന്ത്യ യിൽ സ്ഥിരതാമസമാക്കി. 1915 - 18 കാലഘട്ടത്തിൽ സബർമതി ആശ്രമം (അഹമ്മദാബാദ്) സ്ഥാപിക്കപ്പെട്ടു. 1917 -ൽ ബീഹാറിലെ ചമ്പാരൻ പ്രദേശത്തെ നീലം കൃഷിക്കാരുടെ പ്രശ്നങ്ങളുടെ പേരിൽ**

ഗാന്ധിജി സത്യാഹസമരം നടത്തി വിജയിച്ചു. 1920 -ൽ ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യ നേതാ വായിത്തീർന്നു. 1919 - 20 കാലഘട്ടത്തിൽ ഗാന്ധിജി നിസഹകരണ പ്രസ്ഥാനത്തിൻറെ നേതാവായി ഉയർന്നു. 1924 -ൽ ഗാന്ധിജിയുടെ അനുഗ്രഹത്തോടെ കേരള ത്തിലെ ചരിത്രപ്രസിദ്ധമായ വൈക്കം സത്യഗ്രഹം ആരംഭിച്ചു. 1928 -ൽ സുപ്രധാനമായ ബർദോളി സത്യാഗ്രഹം നയിച്ചു. നികുതിനിഷേധ പ്രസ്ഥാനമായിരുന്നു സത്യഗ ഹത്തിന് ആധാരം,

1930 മാർച്ച് 12 ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ സബർമതി ആശ്രമത്തിൽ നിന്നും 39 കി.മി. ദൂരെയുള്ള ദണ്ഡി കടൽ തീരത്തേയ്ക്ക് ഉപ്പുസ ത്യാഗ്രഹം സംബന്ധിച്ച് സത്യാഗ്രഹികൾ മാർച്ച് ചെയ്തു. 1942 ആഗസ്റ്റ് 9 ന് സുപ്രസിദ്ധമായ 'ക്വി റ്റിന്ത്യാ സമരം' നടന്നു. 144 -ൽ കസ്തൂർബാഗാന്ധി അന്തരിച്ചു. 1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രയായി പക്ഷേ രാഷ്ട്രം രണ്ടായി വിഭജിക്കപ്പെട്ടിരുന്നു.

വിഭജനം പ്രശ്നങ്ങളെ കൂടു തൽ

ആളിക്കത്തിച്ചതേയുള്ളൂ. ഇന്ത്യയുടെ സ്വാതന്ത്ര്യം ആഘോഷിക്കപ്പെടുമ്പോൾ പല അതിർത്തി പ്രദേശങ്ങ ളിലും വർഗീയതയുടെയും മതഭ്രാന്തിൻറയും രാക്ഷസീ യകോലങ്ങൾ

ആടിത്തിമർക്കുകയായിരുന്നു. ഇതിൽ മനം

നൊന്ത് ഗാന്ധിജി 1948 ജനവരി 13 ന്

ഉപവാസം ആരംഭിച്ചു. 1948 ജനവരി 30 ന് ബിർളാമന്ദിരത്തിലെ പ്രാർത്ഥനായോഗത്തിൽ വച്ച് നാഥുറാം വിനായകാഗോഡ്സേ എന്നൊരു മതഭ്രാന്തൻ ഗാന്ധിജിയെ വെടിവച്ചു കൊന്നു. ഗാന്ധിജിയുടെ പ്രധാനകൃതി -: 'എൻറസത്യാന്വേഷണ പരീക്ഷകൾ' The Story of My Experi
ments with Truth - (ആത്മ കഥ)

## ഗാന്ധിജി നേതൃത്വം നൽകിയ ആദ്യകാല സമരങ്ങളുടെ പട്ടിക പൂർത്തിയാക്കൂ....

| ക്രമ നമ്പർ | സമരം | പ്രത്യേകതകൾ |
|---|---|---|
| 1 | ചമ്പാരൻ സത്യാഗ്രഹം | കർഷകരുടെ ദുരിതങ്ങൾ. ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യത്തെ സത്യാഗ്രഹ സമര പരീക്ഷണം<br>നീലം കർഷകരുടെ ദുരിതങ്ങൾ കുറഞ്ഞു |
| 2 | ഖഡാ സമരം | കർഷകർക്കുമേൽ അടിച്ചേൽപ്പിച്ച നികുതി ഇളവ് ചെയ്യാൻ. ഗാന്ധിജിയുടെ സത്യഗ്രഹം. നികുതി ഇളവു ചെയ്ത് നൽകി.. |
| 3 | തുണിമിൽ സമരം | തൊഴിലാളികളുടെ കൂലിവർധനവിനായി സത്യഗ്രഹസമരം സമരത്തിന്റെ ഫലമായി തൊഴിലാളികൾക്ക് വർധിച്ച കൂലി ലഭിച്ചു.. |

# സ്വാതന്ത്ര്യത്തിലേക്ക്

ഇന്ത്യയിലെ ആദ്യത്തെ സംഘടിത കലാപം

ആറ്റിങ്ങൽ വിപ്ലവം 1721

സ്വാതന്ത്ര്യ സമരത്തിലെ ആദ്യ രക്തസാക്ഷി

മംഗൽപാണ്ഡെ

1857 ഒന്നാം സ്വതന്ത്ര്യ സമരത്തിൽ

# ഗാന്ധിജിയുടെ ഇന്ത്യയിലേക്കുള്ള തിരിച്ചുവരവ്

**1915 ജനവരി–9**

പ്രവാസി ഭാരതീയ ദിനം ജനുവരി - 9

ഗാന്ധിജിയുടെ ഇന്ത്യയിലെ
ആദ്യ സത്യാഗ്രഹ സമരം

**ചമ്പാരൻ സത്യഗ്രഹം 1917**
**ബീഹാർ**
**(നീലം കർഷകർക്ക് വേണ്ടി)**


**1918 അഹമ്മദാബാദ്**
**തുണിമിൽ സമരം**

തൊഴിലാളികളുടെ കൂലി
വർദ്ധനവിന്

# ഖേഡാ സമരം – 1918–
# (ഗുജറാത്ത് )

**അധിക നികുതി ഇളവ് ചെയ്യാൻ**

**സർദാർ വല്ലഭായി പട്ടേൽ**



കൂടുതൽ അറിയാൻ ഫോട്ടോയിൽക്ലിക്ക് ചെയ്യുക

ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ
ബർദോളി സമരം നയിച്ചതിന് സർദാർ സ്ഥാനപ്പേര് ഗാന്ധിജി നൽകി.
അഞ്ഞൂറിലേറെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു

ഗാഡിജിയുടെ
അഹിംസയിലൂന്നിയ സത്യഗ്രഹ
സമരത്തിന് ലോകം നൽകിയ
അംഗീകാരം
ഗാന്ധിജിയുടെ ജന്മദിനം
ഒക്ടോബർ2
ലേകഅഹിംസാദിനം'
ഐക്യരാഷ്ട്രസഭ തീരുമാനിച്ചു

1919 റൗലറ്റ് ആക്ട്
ആരെയും അറസ്റ്റ് ചെയ്ത് വിചാരണ
കൂടാതെ എത്ര കാലം വേണമെങ്കിലും
തടവിൽ വയ്ക്കാം

രാജ്യത്ത് പ്രതിഷേധ
സമരങ്ങൾ

**പഞ്ചാബിൽ ഈ പ്രതിഷേധ സമരത്തിന് നേതൃത്വം കൊടുത്തത് ഡോ.സെയ്ഫുദ്ദിൻ കിച്ചലു, ഡോ.സത്യപാൽ 1919 ഏപ്രിൽ 10ന് രണ്ടു പേരെയും അറസ്റ്റ് ചെയ്തു**

## ജാലിയൻ വാലാബാഗ് കൂട്ടക്കൊല

***1919 ഏപ്രിൽ 6 ന് ഒരു ഹർത്താൽ നടത്താൻ ഗാന്ധിജി ആഹ്വാനം ചെയ്തു. മുമ്പെങ്ങും -- ഇല്ലാത്ത ആവേശത്തോടെ ജനങ്ങൾ പ്രതികരിച്ചു. ഈ ജനകീയപ്രക്ഷോഭം അടിച്ചമർത്താൻ ബിട്ടീഷുകാർ തീരുമാനിച്ചു. പ്രത്യേകിച്ച് പഞ്ചാബിൽ. 1919 ഏപ്രിൽ 13 ന് ജനകീയ നേതാക്കളായ ഡോ.സൈഫുദ്ദീൻ കിച്ചുവിന്റെയും ഡോ. സത്യപാലിന്റെയും അറസ്റ്റിൽ പ്രതിഷേധിക്കാൻ പഞ്ചാബിലെ അമൃതസറിൽ ജാലിയൻവാലാബാഗ് മൈതാ നത്ത് ജനങ്ങൾ ഒത്തുകൂടി. ഈ ആൾക്കൂട്ടത്തിന് നേരെ വെടിവയ്ക്കാൻ പഞ്ചാബ് ഗവർണറായ ജനറൽ മൈക്കിൾ ഒ ഡയർ ഉത്തരവിട്ടു. വെടിയുണ്ടകൾ തീരുന്നതു വരെ പട്ടാളമേധാവിയായ ജനറൽ ഡയറും കൂട്ടരും വെടിവച്ചു. ഈ കൂട്ടക്കൊലയ്ക്ക് ശേഷവും പഞ്ചാബിലുടനീളം പട്ടാളനിയമം ഏർപ്പെടുത്തി. ഈ മനുഷ്യക്കുരുതിക്ക് ഉത്തരവിട്ട മൈക്കിൾ ഒ ഡയറിനെ 1940 മാർച്ച് 13 ന് ലണ്ടനിലെ കാക്സ്റ്റൺ ഹാളിൽ ചെന്ന് വെടിവച്ച് കൊന്ന ദേശസ്നേഹിയാണ് ഉദ്ദംസിങ്. ഇദ്ദേഹം റാം മുഹമ്മദ് സിങ് ആസാദ് എന്ന പേരിലും അറിയപ്പെട്ടു.***


ജാലിയൻ വാലാബാഗ് സംഭവത്തിനു ശേഷം ഗാന്ധിജി രാജ്യവ്യാപക സമരത്തിന് ആഹ്വാനം ചെയ്തു

1920 നിസ്സഹകരണ സമരം ആരംഭിച്ചു.

ആവശ്യങ്ങൾ

മദ്യം വർജ്ജിക്കുക
വിദേശ വസ്ത്രം ബഹിഷ്കരിക്കുക
ഖാദി പ്രചരിപ്പിക്കുക
ഹിന്ദി ഭാഷ പ്രചരിപ്പിക്കുക

ഡോ.രാജേന്ദ്രപ്രസാദ്



കൂടുതൽ അറിയാൻ ഫോട്ടോയിൽക്ലിക്ക് ചെയ്യുക

- സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രപതി
- 1962 ഭാരതരത്നം നൽകി
- 2 പ്രാവശ്യം രാഷ്ട്രപതിയായി
- ബിഹാർ ഗാന്ധി എന്ന പേരിൽ അറിയപ്പെടുന്നു

ചൗരി ചൗരാ സംഭവത്തോടു കൂടി നിസ്സഹരണ പ്രസ്ഥാനം 1922 പിൻവലിച്ചു.

## നിയമ ലംഘന പ്രസ്ഥാനം 1930

- ഉപ്പു നിയമം
- ഉപ്പിന് നികുതി ഏർപ്പെടുത്തി

ഇതിൽ പ്രതിഷേധിച്ച് ഗാന്ധിജിയുടെ നേതൃത്വത്തിൽ 1930മാർച്ച് 12ന് ഗുജറാത്തിലെ ദണ്ഡികടപ്പുത്തേക്ക് യാത്ര നടത്തി.388 കിലോമീറ്റർ കാൽ നടയായി നടന്നു.1930 ഏപ്രിൽ 5 ന് ഗുജറാത്തിലെ ദണ്ഡികടപ്പുറത്ത് എത്തി ഏപ്രിൽ 6 ന് ഉപ്പു കുറുക്കി നിയമ ലംഘനം നടത്തി.

**കേരളത്തിലെ ഉപ്പുസത്യാഗ്രഹം**
**കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലെ ഉളിയത്ത് കടവിൽ**


നേതൃത്വം കൊടുത്തത്

കെ.കേളപ്പൻ, ടി.കെ മാധവൻ, എ.കെ.ഗോപാലൻ, അക്കമ്മ ചെറിയാൻ, കുട്ടിമാളുഅമ്മ

# ക്വിറ്റ് ഇന്ത്യാ സമരം 1942

ബോംബെയിൽ നടന്ന ഇന്ത്യൻ നാഷണൽ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യാ പ്രമേയം ജവഹർലാൽനെഹ്റു അവതരിപ്പിച്ച് പാസാക്കി.മൗലാന അബ്ദുൾ കലാം ആസാദ് അധ്യക്ഷനായിരുന്നു.

## മദലാന അബ്ദുൾ കലാം ആസാദ്



കൂടുതൽ അറിയാൻ ഫോട്ടോയില് ക്ലിക്ക് ചെയ്യുക

- ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി
- അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസ ദിനം
- ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവ്

ഗാന്ധിജിയുടെ ആഹ്വാനം
പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

ആഗസ്റ്റ് 9
ക്വിറ്റ് ഇന്ത്യ
ദിനം

# സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടാം


## മഹാത്മാഗാന്ധി



കൂടുതൽ അറിയാൻ ഫോട്ടോയിൽ ക്ലിക്ക് ചെയ്യുക

ജനനം : 1869 ഒക്ടോബർ 2
മുഴുവൻ പേര് : മോഹൻദാസ് കരംചന്ദ് ഗാന്ധി
.. മരണം : 1948 ജനുവരി 30.
ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ി ഗാന്ധി ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. 1893-ൽദക്ഷിണാഫ്രിക്കയിലെ ത്തിയ ഗാന്ധിജി വർണ വിവേചനത്തിനെതിരെ ശക്തമായി പോരാടി. സ്വാതന്ത്ര്യസമര നായകനായ ഗാന്ധിജി ഇന്ത്യൻ ജനതയെ മുഴുവൻ നയിച്ച് സ്വാതന്ത്ര്യത്തിലേയ്ക്കെത്തിച്ചു. എല്ലാ തൊഴിലും മാന്യതയുള്ളതാണെന്നും അധ്വാനിച്ച് ജീവിക്കുന്ന താണ് ഉത്തമമെന്നുമുള്ള റസ്കിന്റെ ആശയം ഗാന്ധിജി സ്വീക രിച്ചു. 1915 മുതൽ ഇന്ത്യയിൽ സ്ഥിരതാമസമാക്കി. 1917ൽ ബീഹാ റിലെ ചമ്പാരനിൽ സത്യാഗ്രഹസമരം നടത്തി വിജയിച്ചു. നിസ്സ ഹകരണ പ്രസ്ഥാനത്തിന്റെ ഉയർന്ന നേതാവായി ത്തീർന്ന ഗാന്ധിജി 1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ അനി ഷേധ്യ നേതാവായി. 1928-ൽ ബർദോളി സത്യാഗ്രഹം നയിച്ചു. 1930-ൽ ദണ്ഡിമാർച്ച് നടത്തി. 1942-ൽ ക്വിറ്റിന്ത്യാ സമരം നട ത്തി. 1947-ൽ ഇന്ത്യ സ്വതന്ത്രയായി. അതോടൊപ്പം നടന്ന വിഭ ജനത്തിൽ മനംനൊന്ത ഗാന്ധിജി ഉപവാസം ആരംഭിച്ചു. 1948ൽ ബിർളാ മന്ദിരത്തിൽ നടന്ന പ്രാർത്ഥനാ യോഗത്തിൽ വച്ച് ഒരു മതഭ്രാന്തൻ ഗാന്ധിജിയെ വെടിവെച്ചു കൊന്നു. എന്റെ സത്യാ. ന്വേഷണ പരീക്ഷണങ്ങൾ' എന്ന കൃതി അദ്ദേഹത്തിന്റെ ആത്മ കഥയാണ്.

# ജവഹർലാൽ നെഹ് റു




കൂടുതൽ അറിയാൻ ഫോട്ടോയിൽ ക്ലിക്ക് ചെയ്യുക

1869 നവംബർ 14 ന് അലഹബാദിൽ ജനിച്ചു. ജവഹറിന്റെ പ്രാഥമിക വിദ്യാഭ്യാസം വീട്ടിൽ വച്ചുതന്നെ ആയിരുന്നു. ഇംഗ്ലണ്ടുകാരായ അധ്യാപകർ വീട്ടിൽ വന്നു പഠിപ്പിക്കുകയായിരു - ന്നു. കേംബ്രിജിൽ നിന്ന് ഉപരിവിദ്യാഭ്യാസം പൂർത്തിയാക്കി. ഗാന്ധിജിയെ പരിചയപ്പെട്ട തുമുതൽ അദ്ദേഹത്തിന്റെ അടുത്ത അനുയായി ആയി. 1919 മുതൽ രാഷ്ട്രീയപ്രവർത്തന ത്തിൽ മുഴുകിയ ജവഹർ 1921 നും 1945 നും ഇടയിൽ പല ഘട്ടങ്ങളിലായി ഒമ്പതുവർഷം ജയിലിലായിരുന്നു. ജയിൽവാസം എഴുതാനും വായിക്കാനുമാണ് അദ്ദേഹം ഉപയോഗപ്പെ ടുത്തിയത്. ചരിത്രം, സാഹിത്യം, ശാസ്ത്രം, തത്ത്വചിന്ത തുടങ്ങിയ വിഷയങ്ങളിൽ ജവ ഹർലാലിനുള്ള അഗാധമായ അറിവ് പ്രതിഫലിക്കുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. - വിശ്വചരിത്രാവലോകനം, ഇന്ത്യയെ കണ്ടെത്തൽ (ആത്മകഥ) തുടങ്ങിയവയാണ് അദ്ദേ ഹത്തിന്റെ പ്രധാന കൃതികൾ. ജവഹർലാൽ ഇന്ത്യയിലെ സാധാരണജനങ്ങളുടെ ജീവിതം പഠിക്കാനായി രാജ്യത്തിന്റെ പലഭാഗങ്ങളിലും സഞ്ചരിക്കുകയും കർഷകസമരങ്ങളിൽ നേരിട്ടു പങ്കെടുക്കുകയും ചെയ്തു. 1947 ആഗസ്റ്റ് 14 അർധരാത്രിയിൽ ഇന്ത്യയുടെ സ്വാ തന്ത്ര്യപ്രഖ്യാപനം നടത്തിയത് നെഹ്റുവാണ്. 1964 മെയ് 27 ന് അന്ത്യശ്വാസം വലിക്കും വരെ അദ്ദേഹം പ്രധാനമന്ത്രിയായിരുന്നു. നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 നാം ശിശുദിനമായി ആഘോഷിക്കുന്നു.


# ബാലഗംഗാധര തിലക്




കൂടുതൽ അറിയാൻ ഫോട്ടോയിൽ ക്ലിക്ക് ചെയ്യുക

"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്" എന്നു പ്രഖ്യാപിച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയാണ് ലോകമാന്യ എന്നറിയപ്പെടുന്ന ബാലഗംഗാധരതിലക്. 1853 ജൂലൈ 23 നാണ് ജനിച്ചത്. മറാത്ത, കേസരി എന്നീ പ്രതങ്ങളിലൂടെ അദ്ദേഹം വിദേശാധിപത്യത്തിനെ തിരെയുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തോടൊപ്പം സ്വാതന്ത്ര്യ സമരരംഗത്ത് പ്രവർത്തിച്ചിരുന്ന ലാലാ ലജ്പത് റായ്, ബിപിൻ ചന്ദ്രപാൽ എന്നിവർ ബാൽ, ലാൽ, പാൽ എന്നീ പേരുകളിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ അറിയപ്പെട്ടു. 1920 ആഗസ്റ്റ് 1 ന് ബാലഗംഗാധരതിലക് അന്തരിച്ചു.

# സർദാർ വല്ലഭ്ഭായി പട്ടേൽ




കൂടുതൽ അറിയാൻ ഫോട്ടോയിൽ ക്ലിക്ക് ചെയ്യുക

**സർദാർ വല്ലഭ്ഭായി പട്ടേൽ**

ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന സർദാർ വല്ലഭ്ഭായി പട്ടേൽ 1875 ഒക്ടോ ബർ 31 നാണ് ജനിച്ചത്. ഗാന്ധിജി നേതൃത്വം നൽകിയ ഖേഡായിലെ കർഷകസമരത്തിലും അഹമദാബാദിലെ തുണിമിൽ തൊഴിലാളിസമരത്തിലും അദ്ദേഹം നേതൃനിരയിൽ സജീവ പങ്കുവഹിച്ചു. 1924 മുതൽ 28 വരെ അഹമദാബാദ് മുനിസിപ്പൽ ചെയർമാനായി പ്രവർത്തി ച്ചു. ബർദോളിയിൽ നടന്ന കർഷകസമരത്തിന്റെ നേതൃസ്ഥാനം ഏറ്റെടുത്ത വല്ലഭ്ഭായി പട്ടേൽ പ്രകടിപ്പിച്ച ധൈര്യവും നേതൃശേഷിയും അംഗീകരിച്ച് ഗാന്ധിജി അദ്ദേഹത്തിന് "സർദാർ' എന്ന സ്ഥാനപ്പേര് നൽകി. 1942 ൽ ക്വിറ്റ് ഇന്ത്യാ സമരരംഗത്ത് അറസ്റ്റ് ചെയ്യ പ്പെട്ട അദ്ദേഹം 1945 ജൂണിലാണ് ജയിൽ മോചിതനായത്. 1946 ൽ ഇടക്കാല ഗവൺമെന്റിൽ ആഭ്യന്തരമന്ത്രിയായിരുന്നു. സർദാർ വല്ലഭ്ഭായി പട്ടേൽ അഞ്ഞൂറിലേറെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് നേതൃത്വം നൽകി. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ മന്ത്രിസഭയിൽ ഉപപ്രധാനമന്ത്രിയായിരുന്നു പട്ടേൽ. 1980 ഡിസംബർ 15 ന് അദ്ദേഹം അന്തരിച്ചു.

# സുഭാഷ് ചന്ദ്രബോസ്

**കൂടുതൽ അറിയാൻ ഫോട്ടോയിൽ ക്ലിക്ക് ചെയ്യുക**



സുബാഷ്ചന്ദ്രബോസ്

സ്വാതന്ത്ര്യസമരത്തിന്റെ വീരനായകന്മാരിലൊരാളായ സുഭാഷ് ചന്ദ്രബോസ് 1897 ജനവരി - 23 ന് കട്ടക്കിൽ ജനിച്ചു. ഐ. സി. എസ്. പാസായ സുഭാഷ് ചന്ദ്രബോസിന് ബ്രിട്ടീഷുകാ - രുടെ കീഴിൽ ജോലി ചെയ്യാൻ ഒട്ടും താൽപ്പര്യമുണ്ടായിരുന്നില്ല. രാജ്യത്തിന്റെ മോചനത്തിന് വേണ്ടി സ്വയം അർപ്പിക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. 1921 ൽ വെയിൽസ് രാജ - കുമാരന്റെ സന്ദർശനത്തിൽ പ്രതിഷേധിച്ച് കൽക്കത്തയിൽ നടന്ന പ്രകടനങ്ങളുടെ സംഘാ ടകരിലൊരാൾ സുഭാഷ്ചന്ദ്രബോസ് ആണ്. 1921 ഡിസംബറിൽ സി. ആർ. ദാസും സുഭാഷും അറസ്റ്റുചെയ്യപ്പെട്ടു. 1941 ൽ ഇന്ത്യ വിടുന്നത് വരെ 20 വർഷം 11 തവണ അദ്ദേഹം അറസ്റ്റ് - ചെയ്യപ്പെട്ടു. 1938 ൽ കോൺഗ്രസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ആ സ്ഥാനം രാജിവച്ച് ഫോർവേർഡ് ബ്ലോക്ക് എന്ന പുതിയ പാർട്ടി രൂപീകരിച്ചു. രണ്ടാം ലോക യുദ്ധം - തുടങ്ങി അധികകാലം കഴിയും മുമ്പ് സുഭാഷിനെ തടവിലാക്കി. 1941 ജനവരിയിൽ പോലീ - സിന്റെ കണ്ണുവെട്ടിച്ച് ഇന്ത്യയിൽനിന്നു രക്ഷപ്പെട്ട് കാബൂൾ വഴി ബർലിനിലെത്തി. ജർമ്മനി തടവുകാരായി പിടിച്ച ഇന്ത്യൻ വംശജരെ ചേർത്ത് ഇന്ത്യൻ ലീജിയൻ എന്ന സൈനിക ഘടകത്തിന് രൂപം നൽകി. പിന്നീട് ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിന്റെയും ഐ.എൻ.എ യുടെയും നേതൃത്വം സുഭാഷ് ഏറ്റെടുത്തു. ബ്രിട്ടനോട് യുദ്ധം പ്രഖ്യാപിച്ച് ഇന്ത്യയെ മോചി പ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് INA ഇന്ത്യയിലേക്ക് മാർച്ച് ചെയ്തു.

# ഗോപാലകൃഷ്ണ ഗോഖലെ


ഗോപാലകൃഷ്ണ ഗോഖലെ

കൂടുതൽ അറിയാൻ ഫോട്ടോയിൽ ക്ലിക്ക് ചെയ്യുക

ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനിയും സെർവന്റ് സ് ഓഫ് ഇന്ത്യ സൊസൈറ്റിയുടെ സ്ഥാപകനും ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ മിതവാദി നേതാക്കളിൽ ഒരാളുമായി രുന്നു ഗോഖലെ. 1866 മെയ് 9 ന് മഹാരാഷ്ട്രയിൽ ജനിച്ചു. ബംഗാൾ വിഭജനത്തിനെതിരെ യുള്ള ഇന്ത്യൻ പ്രതിഷേധം ബ്രിട്ടീഷുകാരെ അറിയിക്കാൻ നിയോഗിക്കപ്പെട്ടവരിൽ അദ്ദേഹം ഉൾപ്പെടുന്നു. ജാതിസമ്പ്രദായം, അയിത്തം തുടങ്ങിയവയ്ക്കെതിരെ അദ്ദേഹം പോരാടി. - 1915 ഫെബ്രുവരി 19 ന് അദ്ദേഹം അന്തരിച്ചു.

# THANK YOU

**BalakrishnanM**
**GLPS Kayyur**
**Kasaragod**
**9495150839**